## വനിത ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

**(ഹാജർ: അനുപമ.റ്റി.വി IAS)**

**ഉത്തരവ് നം.WCD-E9/17794/2013** **തിരുവനന്തപുരം,തീയതി: 23.02.2021**

വിഷയം:-വനിത ശിശുവികസന വകുപ്പ് -ജീവനക്കാര്യം – വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിൽ താൽക്കാലിക നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1.സർക്കാർ കത്ത് നം.എ1/252/2016/സാനീവ തീയതി-04.07.2017, 07.08.2017.

2.ജി.ഒ(പി) നം.77/2012/എസ്.ജെ.ഡി തീയതി-27.12.2012.

3.ഈ കാര്യാലയത്തിൽ നിന്നുള്ള 28.01.2021 തീയതിയിലെ ഇതേ നം സർക്കുലർ.

4. മണ്ണാർക്കാട് CDPO-യുടെ 06.01.2021 ലെ 1659/20 നം കത്ത്.

5.19.02.2021 ലെ വനിത ശിശു വികസന ഡയറക്ടറുടെ ഇതേ നം നടപടിക്രമങ്ങൾ.

6. കുഴൽമന്ദം CDPOയുടെ 22.02.2021 ലെ 126/21 നം കത്ത്.

വനിത ശിശു വികസന വകുപ്പിൽ ഗാർഹിക പീഡന നിരോധന നിയമം നടപ്പിലാക്കുന്നതിനായി 14 ജില്ലകളിലായി 14 വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തിക രൂപീകരിച്ചിട്ടുണ്ട്.8 ജില്ലകളിൽ സ്ഥിരം ജീവനക്കാരും 4 ജില്ലകളിൽ താൽക്കാലികമായി നിയമിതരായവരും 2 ജില്ലകളിൽ അധിക ചുമതല നൽകിയിട്ടുള്ളവരുമാണ് സേവനമനുഷ്ഠിച്ച് വരുന്നത്. സ്ഥിരം തസ്തികയുടെയും അധിക ചുമതല നൽകിയിട്ടുള്ള വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയുടെയും ചുമതലകൾ ഒരുമിച്ച് നിർവ്വഹിക്കുന്നതിന് ബുദ്ധിമുട്ട് നേരിടുന്നതിനാൽ വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയുടെ ചുമതല മാത്രമായി അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം അപേക്ഷിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം അപേക്ഷ ക്ഷണിക്കുകയും ലഭ്യമായ 2 അപേക്ഷകളിന്മേൽ അഭിമുഖം നടത്തി റാങ്ക് ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ വനിത ശിശു വികസന വകുപ്പിലെ വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് നിയമനം നേടുന്നതിന് യോഗ്യരായ ചുവടെ പറയുന്ന ജീവനക്കാർക്ക് നിലവിലുള്ള 2 ഒഴിവിലേയ്ക്ക് കെ.എസ്സ് & എസ്സ്.എസ്സ്.ആർ ഭാഗം 2 ചട്ടം 9 (എ) (i) പ്രകാരം താൽക്കാലിക നിയമനം നൽകി പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു.

| ക്രമ നം. | പേര്,തസ്തിക,കാര്യാലയം |
|---|---|
| 1 | ശ്രീമതി.നിസ്സ.എ, ശിശു വികസന പദ്ധതി ഓഫീസർ, പനമരം |
| 2 | ശ്രീമതി.ലൈജു.വി.എസ്, ശിശു വികസന പദ്ധതി ഓഫീസർ |

എന്നാൽ വുമൺ പ്രൊട്ടക്ഷൻ ഓഫീസർ തസ്തികയിലേയ്ക്ക് താൽക്കാലിക നിയമനം നേടുന്നതിനായി അപേക്ഷ സമർപ്പിച്ചത് മണ്ണാർക്കാട് ശിശു വികസന പദ്ധതി ഓഫീസർ എന്ന നിലയിലായിരുന്നെങ്കിലും പരാമർശം (6) പ്രകാരം 08.02.2021 ന് കുഴൽമന്ദം ശിശു വികസന പദ്ധതി ഓഫീസറായി ചുമതല ഏറ്റെടുത്തിട്ടുള്ളതാണെന്ന് സൂചന പ്രകാരം ശ്രീമതി.ലൈജു.വി.എസ്, ശിശു വികസന പദ്ധതി ഓഫീസർ, കുഴൽമന്ദം അറിയിച്ചിരിക്കുന്നു.

പ്രസ്തുത സാഹചര്യത്തിൽ പരാമർശം (6) ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ശ്രീമതി.ലൈജു.വി.എസ്, ശിശു വികസന പദ്ധതി ഓഫീസർ, മണ്ണാർക്കാട് എന്നത്

ശ്രീമതി.ലൈജു.വി.എസ്, ശിശു വികസന പദ്ധതി ഓഫീസർ, കുഴൽമന്ദം എന്ന് തിരുത്തി കൊണ്ടും ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിലെ ചുമതല ചുവടെ പറയും പ്രകാരം ക്രമീകരിച്ച് കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പേര്, തസ്തിക, കാര്യാലയം | വുമൺ പ്രൊട്ടക്ഷൻ ഓഫീസറായി താൽക്കാലിക നിയമനം നൽകുന്ന കാര്യാലയം | ശിശു വികസന പദ്ധതി ഓഫീസർ തസ്തികയിലെ പൂർണ്ണ അധിക ചുമതല ഏറ്റെടുക്കേണ്ട ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1. | ശ്രീമതി.നിസ്സ.എ, ശിശു വികസന പദ്ധതി ഓഫീസർ, പനമരം | വുമൺ പ്രൊട്ടക്ഷൻ ഓഫീസർ, വയനാട് | ശ്രീമതി.ലളിത.കെ.കെ, ശിശു വികസന പദ്ധതി ഓഫീസർ, പനമരം അഡീഷണൽ |
| 2. | ശ്രീമതി.ലൈജു.വി.എസ്, ശിശു വികസന പദ്ധതി ഓഫീസർ, കുഴൽമന്ദം | വുമൺ പ്രൊട്ടക്ഷൻ ഓഫീസർ, പാലക്കാട് | ശ്രീമതി.ഗീത.കെ, ശിശു വികസന പദ്ധതി ഓഫീസർ, പാലക്കാട്. |

(ഒപ്പ്)

വനിത ശിശുവികസന ഡയറക്ടർ

ബന്ധപ്പെട്ട ജീവനക്കാർക്ക്

**പകർപ്പ്**

1. അക്കൗണ്ടന്റ് ജനറൽ(എ &ഇ)കേരള തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും
3. എല്ലാ ജില്ല പ്രോഗ്രാം ഓഫീസർമാർക്കും
4. പ്രോഗ്രാം മാനേജർ, നിർഭയ സെൽ
5. ഐ.റ്റി.സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
6. ഇ1 സീറ്റ്, ഡബ്ല്യൂ.ഇ.സി സെക്ഷൻ
7. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്